# FIRST YEAR HIGHER SECONDARY MODEL EXAMINATION 2021

PART II

പരമാവധി സ്കോർ 80 | മലയാളം | സമയം : രണ്ടര മണിക്കൂർ

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ**

- 20 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായും ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരം എഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് ശരിയായ രണ്ട് ഉത്തരങ്ങൾ വീതം തെരെഞ്ഞെടുത്തെഴുതുക.** 3x2 = 6 **സ്കോർ**

1 . "ചിറകു നീർത്തുവാനാവാതെ തൊണ്ടയിൽ പിടയുകയാണൊരേകാന്തരോദനം" ഈ വരികളിൽ നിന്നും തെളിയുന്നതെന്താണ്?

- അവളുടെ മുന്നിൽ അയാൾ പൊട്ടിക്കരയുന്നു
- ഒന്ന് കരയുവാൻ പോലുമാകാത്ത വിങ്ങൽ അയാളിൽ നിറയുന്നു.
- അവളുടെ മുന്നിൽ പൊട്ടിക്കരയണം എന്ന് ആഗ്രഹമുണ്ടെങ്കിലും അയാൾക്ക് അതിന് സാധിക്കുന്നില്ല
- അയാളെ കണ്ടതും അവളുടെ തൊണ്ടയിൽ ഒരു കരച്ചിൽ വന്നു പിടയുന്നു

2. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ പത്മാക്ഷി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതയിൽ ഉൾപ്പെടാത്തത് ഏതാണ്?

- വൃദ്ധയോട് നിന്ദ വെച്ചുപുലർത്തുന്ന കഥാപാത്രമാണ്
- വൃദ്ധയോട് ബഹുമാനത്തോടും ആദരവോടും കൂടി പെരുമാറുന്ന കഥാപാത്രമാണ്
- വൃദ്ധയെ തരം കിട്ടുമ്പോഴൊക്കെ പരിഹസിക്കുന്ന കഥാപാത്രമാണ്
- പുരുഷ മേധാവിത്വത്തെ ചോദ്യം ചെയ്യുന്നവരാണ്

3. ഇലയടരുകൾ വേരുകളിലൂടെ പുനർജനിക്കുകയാണ് എന്ന് എൻ എ നസീർ പറയുന്നതിലൂടെ ഉദ്ദേശിക്കുന്നതെന്ത്?

- ഇലകളിൽ നിന്നാണ് എല്ലാ വൃക്ഷങ്ങളും ഉണ്ടാകുന്നത്
- വേരുകൾ തന്നെയാണ് ഇലകളായി മാറുന്നത്
- ഇലകൾ ചീഞ്ഞളിഞ്ഞ് വൃക്ഷത്തിന് വളമായി തീരുന്നു
- വേരുകളും ഇലകളും ജനിക്കുകയും പുനർജ്ജനിക്കുകയും ചെയ്യുന്ന ഒരു ചക്രത്തിന്റെ ഭാഗമാണ്

4. മത്സ്യം എന്ന കവിതയെ സംബന്ധിക്കുന്ന ശരിയായ രണ്ട് പ്രസ്താവനകൾ തെരഞ്ഞെടുക്കുക.

- വാക്കുകൾക്ക് സാധാരണ അർത്ഥത്തിൽനേക്കാൾ കവിഞ്ഞ അർത്ഥങ്ങളുള്ള കവിതയാണ്.
- വൃത്തവും താളവും ആണ് ഈ കവിതയുടെ ശക്തിക്ക് അടിസ്ഥാനം.
- വിഷാദമാണ് മത്സ്യം എന്ന കവിതയുടെ സ്ഥായിഭാവം.
- ചെറുതുകളുടെ പ്രതിരോധമാണ് കവിതയുടെ പ്രമേയം.

5. നാളെയിലെ സ്ത്രീജീവിതം എങ്ങിനെ മാറിത്തീരണം എന്നാണ് ആറ്റൂർ സംക്രമണം എന്ന കവിതയിൽ ആഗ്രഹിക്കുന്നത്?

- മറ്റുള്ളവരുടെ രക്തം കുടിക്കുന്ന ഒരു നുലട്ടയെ പ്പോലെ
- വിശക്കുമ്പോൾ ഊരിൽ ഇറങ്ങുന്ന കടുവയെപ്പോലെ
- ഇരവളഞ്ഞു കൊന്നുതിന്നുന്ന ചെന്നായയെ പോലെ
- മറ്റൊരു ഉടലിൽ ചേർക്കുന്ന യന്ത്രം പോലെ

6. ബൈസിക്കിൾ തീവ്സിന്റെ ആകർഷണ രഹസ്യങ്ങളിൽ പ്രധാനപ്പെട്ടവയായി ലേഖകൻ നിരീക്ഷിക്കുന്നത് എന്തിനെയൊക്കെയാണ് ?

- അതിലെ തൊഴിലില്ലായ്മയെ
- പ്രമേയത്തിന്റെ ശക്തിയെ
- ജീവിതാവബോധത്തെ
- ടൈപ്പ് കഥാപാത്രങ്ങളെ

**7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ കവിയാതെ ഉത്തരമെഴുതുക.** 4x2 =8 **സ്കോർ.**

7. "എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല" എന്നതുകൊണ്ട് ബഷീർ ഉദ്ദേശിക്കുന്നതെന്താണ്?

8. കവിതയിലെ ശബ്ദത്തെയും അർത്ഥത്തെയും കുറിച്ച് എം എൻ വിജയൻ മുന്നോട്ട് വെക്കുന്ന രണ്ടു നിരീക്ഷണങ്ങൾ എഴുതുക.

9. തങ്കം നായർ എന്ന കഥാപാത്രത്തിൻറെ വ്യക്തിത്വ സവിശേഷതയായി പറയാവുന്നത് എന്തൊക്കെയാണ്?

10. ഓ കെ ജോണി നിരീക്ഷിക്കുന്ന ജനപ്രിയ സിനിമകളുടെ രണ്ടു സ്വഭാവസവിശേഷതകൾ എഴുതുക.

11. "മണൽത്തരിയോളം പോന്നൊരു മത്സ്യം, കടൽത്തിരയോട് ഒറ്റയ്ക്കു പൊരുതിനിന്നു."

അടിവരയിട്ട പ്രയോഗത്തിന് ഊന്നൽ നൽകി മത്സ്യത്തിന്റെ ചെറുത്തുനിൽപ്പിന്റെ പ്രാധാന്യം സൂചിപ്പിക്കുക.

12. നാടൻ പ്രയോഗങ്ങളും ശൈലികളും കായലരികത്ത് എന്ന ഗാനത്തെ മനോഹരമാക്കുന്ന ഘടകമാണ്. രണ്ട് പ്രയോഗങ്ങൾ എടുത്ത് എഴുതുക.
മാതൃക: കരളി ലുരുളിയിൽ എണ്ണ കാച്ചുക

13. നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകൾ ഭൂമിക്ക് എന്തുമാത്രം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. രണ്ടെണ്ണം സൂചനകളായി എഴുതുക.
മാതൃക : ജലം മണ്ണിലേക്ക് ഇറങ്ങുന്നതിന് തടസ്സമാകുന്നു.

- 
- 

14. കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രത്തിലെ ഹസ്സയുടെ സ്വഭാവസവിശേഷതയായി കണ്ടെത്താവുന്ന രണ്ടു കാര്യങ്ങൾ എടുത്തെഴുതുക.

മാതൃക : അവൾ കഥകളിലൂടെ തന്റേതായ ഒരു ലോകം സൃഷ്ടിക്കുന്നു.

**15 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **5x4 = 20 സ്കോർ.**

15. തന്റെ ജനം ഇരുളിനെ കീറിമുറിച്ച് ഉയർന്നു പറക്കുന്ന സ്വപ്നമായിരുന്നു ജോനാഥന്റെ മനസ്സുനിറയെ - ഇരുൾ എന്ന് ഇവിടെ സൂചിപ്പിക്കുന്നത് എന്തിനെയൊക്കെ ആവാം. നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

16. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ പെൺകുട്ടിക്ക് വൃദ്ധയോടുള്ള അനിഷ്ടം സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ കഥാരംഭത്തിൽ ഉണ്ട്. ഒരു സന്ദർഭം എടുത്തെഴുതുക.

17. ബാല്യകാലത്തെ ചില അനുഭവങ്ങൾ കേവലമായി വിവരിച്ചു പോവുകയല്ല ചെറുശ്ശേരി ചെയ്യുന്നത്. അവ ആസ്വാദകന്റെ കൂടി അനുഭവമാക്കി മാറ്റുന്നു അദ്ദേഹം. പീലിക്കണ്ണുകൾ എന്ന പാഠഭാഗത്തു നിന്ന് രണ്ട് ഉദാഹരണങ്ങൾ എഴുതുക?

18. പൂങ്കിളി കൗമാരത്തിന്നിത്തിരിക്കാലം വേണം മാങ്കനികളിൽ നിന്ന് മാമ്പൂവിലെത്തിച്ചേരാൻ - മാങ്കനികളിൽ നിന്ന് മാമ്പൂവിലെത്തിച്ചേരുക എന്ന പ്രയോഗത്തിലൂടെ കവിതയിൽ തെളിയുന്ന ഭാവം എന്താണ്?

19. "അനേകം അർത്ഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാക്ബിന്ദുക്കളാണ് കവി തെരഞ്ഞെടുക്കുന്നത്" - എം എൻ വിജയൻ

*പൊക്കമില്ലാത്തതാണെന്റെ പൊക്കം - കുഞ്ഞുണ്ണിമാഷ്*

'പൊക്കം' എന്ന പദത്തിന് സാധാരണയുള്ള അർത്ഥത്തേക്കാൾ മറ്റെന്തൊക്കെ അർത്ഥമാണ് ഈ സന്ദർഭത്തിൽ ലഭിക്കുന്നത്. മുകളിൽ കൊടുത്ത പ്രസ്താവനയുടെ വെളിച്ചത്തിൽ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

20. സ്വാതന്ത്ര്യലബ്ധിക്കുശേഷം യാതനയുടെ വേതനവും പറഞ്ഞു മുന്നോട്ടുവന്ന കൂട്ടത്തിലൊന്നും ദേവി ബഹനെ കണ്ടിരുന്നില്ല – അഗ്നിസാക്ഷിയിലെ ഈ പ്രസ്താവനയിൽ അടങ്ങിയ സാമൂഹിക വിമർശനം എന്താണ്?

21. "ജനലിനപ്പുറം ജീവിതംപോലെ ഈ പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും " അന്തരീക്ഷ വർണ്ണന പോലും കവിതയുടെ ഭാവത്തെ എപ്രകാരമാണ് 'സന്ദർശന' ത്തിൽ വെളിപ്പെടുത്തുന്നത്? നിഗമനങ്ങൾ അവതരിപ്പിക്കുക.

22. എന്തുകൊണ്ടാണ് കവിതയിലെ മനുഷ്യന് ഋതുക്കളോടും പറവപ്പറ്റങ്ങളോടും മലകളോടും കതകുതുറക്കാനും വിളക്കുകൊളുത്താനും പറയേണ്ട സാഹചര്യം ഉണ്ടായത്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

23. കൈപ്പാടിനെ ഒരു മികച്ച പാരിസ്ഥിതിക ചിത്രമാക്കി മാറ്റുന്ന സവിശേഷതകൾ എന്തൊക്കെയാണ്?

24. അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് കഥാനായകന് തോന്നാൻ കാരണമെന്താവാം?

**25 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 5 x 6 = 30 **സ്കോർ**

25.

- നിരന്തരപ്രയത്നം കൊണ്ട് അസാധ്യമായതു പോലും സാധ്യമാക്കുക
- പഴയ ശീലങ്ങൾ വെടിഞ്ഞ് പുതിയ വഴികൾ വെട്ടിത്തെളിക്കുക
- സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവർക്ക് പ്രചോദനമാവുക
- തന്റെ പരിമിതികളെ സാധ്യതകളാക്കി മാറ്റുക

ജൊനാഥൻ എന്ന കടൽകാക്ക സ്വന്തം ജീവിതം കൊണ്ട് നമ്മെ എന്തൊക്കെയാണ് പഠിപ്പിക്കുന്നത്. രണ്ടു സൂചനകൾ മാത്രം വികസിപ്പിച്ച് വ്യക്തമാക്കുക.

.

26. "ജീവിതം പിഴിഞ്ഞെടുത്താണ് കഥകൾ ഉണ്ടാക്കപ്പെടുന്നത് " എന്ന് പറയാറുണ്ട്. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധ എഴുതിയ കഥകൾക്കും ഇത് ബാധകമാണോ? വൃദ്ധയുടെ ജീവിതത്തെയും അവർ എഴുതിയ കഥകളെയും ചേർത്തുവെച്ച് പരിശോധിക്കുക.

27. ചലച്ചിത്രഗാനങ്ങൾ അതതു കാലത്തെ സംസ്കാരത്തെ തന്നെയാണ് ഒളിഞ്ഞും തെളിഞ്ഞും പ്രതിഫലിപ്പിക്കുന്നത്. കായലരികത്ത് എന്ന ഗാനത്തിലെ സാംസ്കാരികമായ സവിശേഷതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക

28. - ഇറയത്ത് എച്ചില്പ തിന്നുന്ന കൊടിച്ചി.
- ഇര വളഞ്ഞു കൊന്നു തിന്നുന്ന ചെന്നായ.

സ്ത്രീ ജീവിതത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ ചിത്രീകരിക്കാൻ ഈ രണ്ടു പ്രതീകങ്ങൾ എത്രമാത്രം പര്യാപ്തമാണ് ? വിശദീകരിക്കുക.

29. മത്സ്യം എന്ന കവിതയിലെ മത്സ്യത്തെ ഒരു പ്രതീകമായി കണ്ടുകൊണ്ട് നിങ്ങൾക്ക് കണ്ടെത്താവുന്ന ആശയങ്ങൾ അവതരിപ്പിക്കുക.

30. 'ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെയുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം!' ഈ കാഴ്ചപ്പാട് വർത്തമാനകാല സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

31. കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന പാഠഭാഗത്തിൽ "ചരിത്രം വാക്കുകളുടെ അർത്ഥത്തെ നിർണയിക്കും" എന്ന് പറയുന്ന ആശയത്തെ ഒരു ഉദാഹരണം ചൂണ്ടിക്കാട്ടി വ്യക്തമാക്കുക.

32. മാതൃസ്നേഹത്തിന്റെ മനോഹാരിത ലളിതമായും വൈകാരികതയ്ക്ക് ഊന്നൽ നൽകിയും ആവിഷ്കരിച്ച കാവ്യഭാഗമാണ് പീലിക്കണ്ണുകൾ - കാവ്യസന്ദർഭങ്ങൾ എടുത്തുകാട്ടി ഈ നിരീക്ഷണം വിശദീകരിക്കുക.

33. "നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കാൻ പോകുന്നു" - 'നീ' എന്ന് ബഷീർ അഭിസംബോധന ചെയ്യുന്നത് ആരെയാവാം? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

34. 'സുഖം ഒരു മാരകമായ ലഹരിയാണ് ' എന്ന് മിസിസ് നായർക്ക് തോന്നിയ സന്ദർഭം ഏതാണ്? അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**35 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 2X8 =16 സ്കോർ.**

35. 'ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധയും യുവതിയും മാറാത്ത ഒരു വ്യവസ്ഥിതിയുടെ രണ്ട് കാലഘട്ടത്തിലെ ഇരകളാണ് എന്ന് പറയാമോ? കഥയിൽ നിന്നുള്ള സന്ദർഭങ്ങൾ എടുത്തുകാട്ടി വിശദമാക്കുക.

36. "ഓർമ്മകളുടെ മാധുര്യമാണ് ഊഞ്ഞാലിൽ എന്ന കവിതയെ സ്വാദിഷ്ടമാക്കുന്നത് " -ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കവിതയെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക

37. വേരുകളുടെ പ്രാധാന്യം തിരിച്ചറിയാതിരിക്കുന്നതിലൂടെ മണ്ണിനും മനുഷ്യനും സംഭവിക്കാനിടയുള്ള ദുരന്തങ്ങളെക്കുറിച്ചുള്ള എന്തെല്ലാം ആശങ്കകളാണ് 'വേരുകൾ നഷ്ടപ്പെടുന്നവർ' എന്ന പാഠഭാഗം മുന്നോട്ടുവെക്കുന്നത്. നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക

38. പ്രണയത്തിന്റെ ഭൂത വർത്തമാനകാലങ്ങൾ സന്ദർശനം എന്ന കവിതയിൽ എപ്രകാരമാണ് ആവിഷ്കരിക്കപ്പെടുന്നത്? കവിതയിലെ സന്ദർഭങ്ങൾ എടുത്തുകാട്ടി വിശദമാക്കുക.

**തയ്യാറാക്കിയത് : പി പ്രേമചന്ദ്രൻ (ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പയ്യന്നൂർ )**

# FIRST YEAR HIGHER SECONDARY MODEL EXAMINATION 2021

PART II

പരമാവധി സ്കോർ 80 മലയാളം സമയം : രണ്ടര മണിക്കൂർ

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ**

- 20 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായും ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരം എഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം
- **1 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും**

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് സൂചനകളിൽ നിന്ന് ശരിയായ രണ്ടെണ്ണം തെരെഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം**

1 . "ചിറകു നീർത്തുവാനാവാതെ തൊണ്ടയിൽ പിടയുകയാണൊരേകാന്തരോദനം" ഈ വരികളിൽ നിന്നും തെളിയുന്നതെന്താണ്?

- അവളുടെ മുന്നിൽ അയാൾ പൊട്ടിക്കരയുന്നു
- ഒന്ന് കരയുവാൻ പോലുമാകാത്ത വിങ്ങൽ അയാളിൽ നിറയുന്നു.
- അവളുടെ മുന്നിൽ പൊട്ടിക്കരയണം എന്ന് ആഗ്രഹമുണ്ടെങ്കിലും അയാൾക്ക് അതിന് സാധിക്കുന്നില്ല
- അയാളെ കണ്ടതും അവളുടെ തൊണ്ടയിൽ ഒരു കരച്ചിൽ വന്നു പിടയുന്നു

2. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ പത്മാക്ഷി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതയിൽ ഉൾപ്പെടാത്തത് ഏതാണ്?

- വൃദ്ധയോട് നിന്ദ വെച്ചുപുലർത്തുന്ന കഥാപാത്രമാണ്
- വൃദ്ധയോട് ബഹുമാനത്തോടും ആദരവോടും കൂടി പെരുമാറുന്ന കഥാപാത്രമാണ്
- വൃദ്ധയെ തരം കിട്ടുമ്പോഴൊക്കെ പരിഹസിക്കുന്ന കഥാപാത്രമാണ്
- പുരുഷ മേധാവിത്വത്തെ ചോദ്യം ചെയ്യുന്നവരാണ്

3. ഇലയടരുകൾ വേരുകളിലൂടെ പുനർജനിക്കുകയാണ് എന്ന് എൻ എ നസീർ പറയുന്നതിലൂടെ ഉദ്ദേശിക്കുന്നതെന്ത്?

- ഇലകളിൽ നിന്നാണ് എല്ലാ വൃക്ഷങ്ങളും ഉണ്ടാകുന്നത്
- വേരുകൾ തന്നെയാണ് ഇലകളായി മാറുന്നത്
- ഇലകൾ ചീഞ്ഞളിഞ്ഞ് വൃക്ഷത്തിന് വളമായി തീരുന്നു

- വേരുകളും ഇലകളും ജനിക്കുകയും പുനർജ്ജനിക്കുകയും ചെയ്യുന്ന ഒരു ചക്രത്തിന്റെ ഭാഗമാണ്

4. മത്സ്യം എന്ന കവിതയെ സംബന്ധിക്കുന്ന ശരിയായ രണ്ട് പ്രസ്താവനകൾ തെരഞ്ഞെടുക്കുക.

- വാക്കുകൾക്ക് സാധാരണ അർത്ഥത്തിൽനേക്കാൾ കവിഞ്ഞ അർത്ഥങ്ങളുള്ള കവിതയാണ്.
- വൃത്തവും താളവും ആണ് ഈ കവിതയുടെ ശക്തിക്ക് അടിസ്ഥാനം.
- വിഷാദമാണ് മത്സ്യം എന്ന കവിതയുടെ സ്ഥായിഭാവം.
- ചെറുതുകളുടെ പ്രതിരോധമാണ് കവിതയുടെ പ്രമേയം.

5. കവിതയിലെ ശബ്ദത്തെയും അർത്ഥത്തെയും കുറിച്ചുള്ള ഏതു നിരീക്ഷണമാണ് എം എൻ വിജയൻ മുന്നോട്ട് വെക്കുന്നത്?

- കവിതയിൽ അർത്ഥത്തിനല്ല ശബ്ദത്തിനാണ് പ്രാധാന്യം.
- കവിതയിൽ ശബ്ദത്തേക്കാൾ പ്രധാനം അർത്ഥത്തിനാണ്.
- അർത്ഥത്തിന്റെ നൃത്തമാണ് നല്ല കവിതയിൽ ഉണ്ടാവുക
- കവിതയിൽ ശബ്ദത്തിനും അർത്ഥത്തിനും തുല്യപ്രാധാന്യമാണ്

6. പൂങ്കിളി കൗമാരത്തിന്നിത്തിരിക്കാലം വേണം മാങ്കനികളിൽ നിന്ന് മാമ്പൂവിലെത്തിച്ചേരാൻ - ഈ വരികളിലൂടെ ഉദ്ദേശിക്കുന്നത് എന്താണ്?

- കൗമാരം മാങ്കനികളിൽ രസിക്കുന്ന കാലമാണ്
- കൗമാരം മാമ്പൂവിൽ ആണ് രസം കണ്ടെത്തുന്നത്
- മാങ്കനികളിൽ താല്പര്യം ഉണ്ടാവുന്നത് കൗമാരം കഴിയുമ്പോഴാണ്
- ബാല്യത്തിൽനിന്ന് യൗവനത്തിലേക്ക് ഉള്ള ദൂരമാണ് മാങ്കനിയിൽ നിന്ന് മാമ്പൂവിലേക്കുള്ളത്

7. "എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല" എന്നതുകൊണ്ട് ബഷീർ ഉദ്ദേശിക്കുന്നതെന്താണ്?

- ചിരിയുടെ ഉള്ളിൽത്തന്നെ ദുഃഖം അടങ്ങിയിരിപ്പുണ്ട്
- ദുഃഖം ഇല്ലാത്തിടത്ത് മാത്രമേ ചിരി നിലനിൽക്കുകയുള്ളൂ
- ചിരിയേക്കാൾ താൻ ഇഷ്ടപ്പെടുന്നത് ദുഃഖമാണ്.
- ദുഃഖം ഉള്ളിൽ ഒളിപ്പിച്ചാണ് താൻ ആളുകളെ ചിരിപ്പിക്കുന്നത്

8. തങ്കം നായർ എന്ന കഥാപാത്രത്തിൻറെ വ്യക്തിത്വ സവിശേഷതയായി പറയാവുന്നത് എന്തൊക്കെയാണ്?

- സ്വന്തം സുഖഭോഗങ്ങളിൽ രസിക്കുകയും സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്നവരോട് വെറുപ്പ് പുലർത്തുകയും ചെയ്യുന്നു.
- തന്റെ അഭീഷ്ടങ്ങൾ സാധിക്കുന്നതിനു വേണ്ടി ഏത് പ്രതിബന്ധങ്ങളെയും നേരിടാനുള്ള ചങ്കുറ്റമുണ്ട്.

- സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള മനസ്സുണ്ടെങ്കിലും  അതിനുള്ള ധൈര്യമില്ല
- ഭർത്താവിൻറെ ഇഷ്ടങ്ങൾക്കനുസരിച്ച് മാത്രം ജീവിക്കുന്ന സ്ത്രീയാണ്

9. ജനപ്രിയ സിനിമകളുടെ സ്വഭാവമായി വിലയിരുത്തപ്പെടുന്നത് ഏതൊക്കെയാണ്?

    - സ്ഥിരം ശൈലിയിലുള്ള ചിത്രീകരണം
    - താരങ്ങളെ ഉപയോഗപ്പെടുത്തുന്നില്ല
    - യാഥാർഥ്യത്തോടുള്ള അഭിനിവേശം
    - അതിശയോക്തിയോടെയുള്ള അവതരണം

10. ബൈസിക്കിൾ തീവ്സിന്റെ ആകർഷണ രഹസ്യങ്ങളിൽ പ്രധാനപ്പെട്ടവയായി ലേഖകൻ നിരീക്ഷിക്കുന്നത് എന്തിനെയാണ് ?

    - അതിലെ വൈകാരികതയെ
    - പ്രമേയത്തിന്റെ ശക്തിയെ
    - പരീക്ഷണ സ്വഭാവത്തെ
    - ടൈപ്പ് കഥാപാത്രങ്ങളെ

**11 മുതൽ 20 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.**

11. തന്റെ ജനം ഇരുളിനെ കീറിമുറിച്ച് ഉയർന്നു പറക്കുന്ന സ്വപ്നമായിരുന്നു ജോനാഥന്റെ മനസ്സുനിറയെ - ഇരുൾ എന്ന് ഇവിടെ സൂചിപ്പിക്കുന്നത് എന്തിനെയൊക്കെ ആവാം. നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

12. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ പെൺകുട്ടിക്ക് വൃദ്ധയോടുള്ള അനിഷ്ടം സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ കഥാരംഭത്തിൽ ഉണ്ട്. ഒരു സന്ദർഭം എടുത്തെഴുതുക.

13. നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകൾ ഭൂമിക്ക് എന്തുമാത്രം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. രണ്ടെണ്ണം സൂചനകളായി എഴുതുക.
    മാതൃക : ജലം മണ്ണിലേക്ക് ഇറങ്ങുന്നതിന് തടസ്സമാകുന്നു.
    - 
    - 

14. "മണൽത്തരിയോളം പോന്നൊരു മത്സ്യം, കടൽത്തിരയോട് ഒറ്റയ്ക്കു പൊരുതിനിന്നു."

    അടിവരയിട്ട പ്രയോഗത്തിന് ഊന്നൽ നൽകി മത്സ്യത്തിന്റെ ചെറുത്തുനിൽപ്പിന്റെ പ്രാധാന്യം വ്യക്തമാക്കുക.

15. "അനേകം അർത്ഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാക്ബിന്ദുക്കളാണ് കവി തെരഞ്ഞെടുക്കുന്നത്" - എം എൻ വിജയൻ

പൊക്കമില്ലാത്തതാണെന്റെ പൊക്കം - കുഞ്ഞുണ്ണിമാഷ്

'പൊക്കം' എന്ന പദത്തിന് സാധാരണയുള്ള അർത്ഥത്തേക്കാൾ മറ്റെന്തൊക്കെ അർത്ഥമാണ് ഈ സന്ദർഭത്തിൽ ലഭിക്കുന്നത്. മുകളിൽ കൊടുത്ത പ്രസ്താവനയുടെ വെളിച്ചത്തിൽ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

16. സ്വാതന്ത്ര്യലബ്ധിക്കുശേഷം യാതനയുടെ വേതനവും പറഞ്ഞു മുന്നോട്ടുവന്ന കൂട്ടത്തിലൊന്നും ദേവി ബഹനെ കണ്ടിരുന്നില്ല – അഗ്നിസാക്ഷിയിലെ ഈ പ്രസ്താവനയിൽ അടങ്ങിയ സാമൂഹിക വിമർശനം എന്താണ്?

17. "ജനലിനപ്പുറം ജീവിതംപോലെ ഈ പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും " അന്തരീക്ഷ വർണ്ണന പോലും കവിതയുടെ ഭാവത്തെ എപ്രകാരമാണ് 'സന്ദർശന' ത്തിൽ വെളിപ്പെടുത്തുന്നത്? നിഗമനങ്ങൾ അവതരിപ്പിക്കുക.

18. എന്തുകൊണ്ടാണ് കവിതയിലെ മനുഷ്യന് ഋതുക്കളോടും പറവപ്പറ്റങ്ങളോടും മലകളോടും കതകുതുറക്കാനും വിളക്കുകൊളുത്താനും പറയേണ്ട സാഹചര്യം ഉണ്ടായത്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

19. 'ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെയുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം!' ഈ കാഴ്ചപ്പാട് വർത്തമാനകാല സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

20. അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് കഥാനായകന് തോന്നാൻ കാരണമെന്താവാം?

**21 മുതൽ 30 വരെയുള്ള ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.**

21.

- നിരന്തരപ്രയത്നം കൊണ്ട് അസാധ്യമായതു പോലും സാധ്യമാക്കുക
- പഴയ ശീലങ്ങൾ വെടിഞ്ഞ് പുതിയ വഴികൾ വെട്ടിത്തെളിക്കുക
- സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവർക്ക് പ്രചോദനമാവുക
- തന്റെ പരിമിതികളെ സാധ്യതകളാക്കി മാറ്റുക

ജൊനാഥൻ എന്ന കടൽകാക്ക സ്വന്തം ജീവിതം കൊണ്ട് നമ്മെ എന്തൊക്കെയാണ് പഠിപ്പിക്കുന്നത്. രണ്ടു സൂചനകൾ മാത്രം വികസിപ്പിച്ച് വ്യക്തമാക്കുക.

.

22. "ജീവിതം പിഴിഞ്ഞെടുത്താണ് കഥകൾ ഉണ്ടാക്കപ്പെടുന്നത് " എന്ന് പറയാറുണ്ട്.

ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധ എഴുതിയ കഥകൾക്കും ഇത് ബാധകമാണോ? വൃദ്ധയുടെ ജീവിതത്തെയും അവർ എഴുതിയ കഥകളെയും ചേർത്തുവെച്ച് പരിശോധിക്കുക.

23. ചലച്ചിത്രഗാനങ്ങൾ അതതു കാലത്തെ സംസ്കാരത്തെ തന്നെയാണ് ഒളിഞ്ഞും തെളിഞ്ഞും പ്രതിഫലിപ്പിക്കുന്നത്. കായലരികത്ത് എന്ന ഗാനത്തിലെ സാംസ്കാരികമായ സവിശേഷതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക

24. - ഇറയത്ത് എച്ചിലു തിന്നുന്ന കൊടിച്ചി.
- ഇര വളഞ്ഞു കൊന്നു തിന്നുന്ന ചെന്നായ.

സ്ത്രീ ജീവിതത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ ചിത്രീകരിക്കാൻ ഈ രണ്ടു പ്രതീകങ്ങൾ എത്രമാത്രം പര്യാപ്തമാണ് ? വിശദീകരിക്കുക.

25. മത്സ്യം എന്ന കവിതയിലെ മത്സ്യത്തെ ഒരു പ്രതീകമായി കണ്ടുകൊണ്ട് നിങ്ങൾക്ക് കണ്ടെത്താവുന്ന ആശയങ്ങൾ അവതരിപ്പിക്കുക.

26. കൈപ്പാടിനെ ഒരു മികച്ച പാരിസ്ഥിതിക ചിത്രമാക്കി മാറ്റുന്ന സവിശേഷതകൾ എന്തൊക്കെയാണ്?

27. കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന പാഠഭാഗത്തിൽ "ചരിത്രം വാക്കുകളുടെ അർത്ഥത്തെ നിർണയിക്കും" എന്ന് പറയുന്ന ആശയത്തെ ഒരു ഉദാഹരണം ചൂണ്ടിക്കാട്ടി വ്യക്തമാക്കുക.

28. മാതൃസ്നേഹത്തിന്റെ മനോഹാരിത ലളിതമായും വൈകാരികതയ്ക്ക് ഊന്നൽ നൽകിയും ആവിഷ്കരിച്ച കാവ്യഭാഗമാണ് പീലിക്കണ്ണുകൾഎടുത്തുകാട്ടി ങ്ങൾകാവ്യസന്ദർഭ . .വിശദമാക്കുക

29. "നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കാൻ പോകുന്നു" - 'നീ' എന്ന് ബഷീർ അഭിസംബോധന ചെയ്യുന്നത് ആരെയാവാം? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

30. 'സുഖം ഒരു മാരകമായ ലഹരിയാണ് ' എന്ന് മിസിസ് നായർക്ക് തോന്നിയ സന്ദർഭം ഏതാണ്? അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**31 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.**

31. 'ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധയും യുവതിയും മാറാത്ത ഒരു വ്യവസ്ഥിതിയുടെ രണ്ട് കാലഘട്ടത്തിലെ ഇരകളാണ് എന്ന് പറയാമോ? കഥയിൽ നിന്നുള്ള സന്ദർഭങ്ങൾ എടുത്തുകാട്ടി വിശദമാക്കുക.

32. "ഓർമ്മകളുടെ മാധുര്യമാണ് ഊഞ്ഞാലിൽ എന്ന കവിതയെ സ്വാദിഷ്ടമാക്കുന്നത് " -ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കവിതയെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക

33. വേരുകളുടെ പ്രാധാന്യം തിരിച്ചറിയാതിരിക്കുന്നതിലൂടെ മണ്ണിനും മനുഷ്യനും സംഭവിക്കാനിടയുള്ള ദുരന്തങ്ങളെക്കുറിച്ചുള്ള എന്തെല്ലാം ആശങ്കകളാണ് 'വേരുകൾ നഷ്ടപ്പെടുന്നവർ' എന്ന പാഠഭാഗം മുന്നോട്ടുവെക്കുന്നത്. നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക

34. പ്രണയത്തിന്റെ ഭൂത വർത്തമാനകാലങ്ങൾ സന്ദർശനം എന്ന കവിതയിൽ എപ്രകാരമാണ് ആവിഷ്കരിക്കപ്പെടുന്നത്? കവിതയിലെ സന്ദർഭങ്ങൾ എടുത്തുകാട്ടി വിശദമാക്കുക.

35. സൈക്കിൾ മോഷ്ടിക്കപ്പെട്ട അന്റോണിയോ റിച്ചി എന്ന ഹതഭാഗ്യനായ ഒരു വ്യക്തിയുടെ മാത്രം കഥയല്ല 'സൈക്കിൾ മോഷ്ടാക്കൾ'. എന്തുകൊണ്ടാണ് ലേഖകൻ ഇങ്ങനെ പറയുന്നത്? ഇക്കാര്യം സിനിമയിൽ വ്യക്തമാക്കുന്നത് എപ്രകാരമാണ്? ദൃശ്യങ്ങൾ സൂചിപ്പിച്ച് വിശദീകരിക്കുക.

**തയ്യാറാക്കിയത് : പി പ്രേമചന്ദ്രൻ (ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പയ്യന്നൂർ )**

# MDSHSS KOTTAYAM
# FIRST YEAR HIGHER SECONDARY MODEL EXAMINATION
# JULY 2021
# PART - II
# MALAYALAM

Time: 2 hrs 30 min

Cool of Time: 15 min Maximum Marks:80

**1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന്ശരിയായ ഉത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക**

( 6 x 2 = 12 )

1. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ കേവലം കാഴ്ചക്കാരിയായിനിന്ന തങ്കം നായർ പ്രതിനിധീകരിക്കുന്നത്

- ത്യാഗപൂർണമായ ജീവിതം നയിച്ചവരെ
- സുഖാലസ്യത്തിൽ കഴിഞ്ഞവരെ
- നിസ്വാർത്ഥത പുലർത്തിയവരെ
- കുടുംബത്തിന്റെ തണലിൽ അഭയം കണ്ടെത്തിയവരെ

2.' ഊഞ്ഞാലിൽ ' എന്ന കവിതയ്ക്ക് അനുയോജ്യമായ പ്രസ്താവനകൾഎഴുതുക

- കുടുംബ ബന്ധത്തിന്റെ ഊഷ്മളത അവതരിപ്പിക്കുന്നു
- ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഉത്കണ്ഠ അവതരിപ്പിക്കുന്നു
- ജീവിതത്തിന്റെ മഹത്വം അവതരിപ്പിക്കുന്നു
- മാതൃസ്നേഹത്തിന്റെ പ്രാധാന്യം മുഖ്യമായി അവതരിപ്പിക്കുന്നു

3. 'അനർഘനിമിഷ'ത്തിന് യോജിച്ച രണ്ടു വിശേഷണങ്ങൾ എടുത്തെഴുതുക

- കവിതയോടടുത്തു നിൽക്കുന്ന ആഖ്യാനം
- ആക്ഷേപഹാസ്യം മുഖ്യ പ്രമേയമാവുന്നു
- സാമൂഹിക രാഷ്ട്രീയ വിമർശനം നിർവഹിക്കുന്നു

- ജീവിതത്തെ അനർഘനിമിഷമായി കാണുന്നു

4. "കവിത ഈണത്തിൽ പാടാനുള്ള ശ്രമത്തിൽ അവരുടെ ഇടറിയഒച്ച വല്ലാതെ നേർത്ത് തൊണ്ടയിലാരോ പിടിച്ചുമുറുക്കിയതുപോലെ ഒരു ഞരക്കമായിതീർന്നു." ഈ വരികളിലെ ആശയത്തോട് ചേർന്ന് നിൽക്കുന്നവ ഏതെല്ലാം?

- തടഞ്ഞു നിർത്തിയ സർഗാത്മകത
- പുരുഷാധിപത്യത്തിനുമേലുള്ള വിജയം
- സാധ്യമാകാതെ പോയ സ്ത്രീ മുന്നേറ്റം
- വൃദ്ധയുടെ അവസ്ഥയ്ക്ക് നേർക്കുള്ള പരിഹാസം

5."മണൽത്തരിയോളം പോന്നൊരു മത്സ്യം
കടൽത്തിരയോട് ഒറ്റയ്ക്ക് പൊരുതിനിന്നു". ഈ വരികളിൽവ്യക്തമാകുന്ന സൂചന താഴെപ്പറയുന്നവയിൽ ഏതാണ് ?

- മത്സ്യത്തിന്റെ പോരാട്ടം അഹങ്കാരം നിറഞ്ഞതാണ്
- മത്സ്യത്തെ അവഗണിക്കാവുന്നതേ ഉള്ളു
- നിസ്സാരമായവയുടെ ചെറുത്തു നിൽക്കാനുള്ള ശേഷി
- മത്സ്യം സുഗമമായ പാതകളിലൂടെയാണ് സഞ്ചരിക്കുന്നത്

6. എത്ര ദുർബലയാണ് താൻ ! എത്ര ഹീനയാണ് ! - തങ്കം നായരുടെഈ ആത്മഗതം ഏതു തരാം മനോഭാവത്തിന് നേരെയുള്ള വിമർശനമാണ്?

- ചരിത്രം ഇളകിമറിയുമ്പോൾ അതിൽ പങ്കെടുക്കാതെ മാറിനിൽക്കുക
- സഹായം ആവശ്യമുള്ളപ്പോൾ അത് നൽകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക
- ഒട്ടും ആലോചിക്കാതെ അപകടങ്ങളിൽ ചെന്ന് ചാടുക
- സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാതിരിക്കാൻ കുട്ടികളെകുടുംബത്തിൽ നിന്ന് അകറ്റി നിർത്തുക

7. താഴെ തന്നിരിക്കുന്ന ഏതു വരിയിലാണ് മുഹയ്ദീൻ മാലയുടെരചയിതാവിനെ സംബന്ധിച്ച സൂചനയുള്ളത്?

- ശൈഖന്മാർക്കെല്ലാർക്കും ഖുതുബായി വന്നോവർ

- പാക്കിയം ഉള്ളോവർ ഇതിനെ പഠിച്ചോവർ
- കോഴിക്കോട്ടത്തുറ തന്നിൽ പിറന്നോവർ
- അല്ലാഹു സ്നേഹിച്ച മുഹയ്ദീൻ എന്നോവർ

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

( 3 x 2 = 6 )

8. "ഇരുളൻപിനെ മാറ്റുമല്ലലിൻ
കരുവാകും, കരുവാമിതേതിനും" - ശ്രീനാരായണ ഗുരു 'ഇരുൾ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?

9. 'പീലിക്കണ്ണുകൾ' എന്ന കവിതയിൽ അമ്മയുടെ സ്നേഹം നിറഞ്ഞുനിൽക്കുന്ന രണ്ടു മുഹൂർത്തങ്ങൾ എഴുതുക

10. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിൽ നിന്നുംപ്രകൃതി ദുരന്തങ്ങൾക്കുള്ള പ്രതിവിധിയായി ചെയ്യാവുന്ന രണ്ടുകാര്യങ്ങൾ കണ്ടെത്തുക.

11. "അധികനേരമായ് സന്ദർശകർക്കുള്ള
മുറിയിൽ മൗനം കുടിച്ചിരിക്കുന്നു നാം" - ഇവിടെ 'മൗനം കുടിക്കുക' എന്ന പ്രയോഗം ധ്വനിപ്പിക്കുന്നതെന്ത്?

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

( 4 സ്കോർ വീതം ) ( 4 x 4 = 16 )

12. " രാമൻകുട്ടിക്ക് പേരിട്ടത് ഇവിടത്തെ ആളാ - അവൻ രാമനെപ്പോലെ വളരട്ടെന്നു പറഞ്ഞു. അന്ന് രവീന്ദ്രനാഥ് എന്ന പേരായിരുന്നു എനിക്കിഷ്ടം. പിന്നെ ഞാനോർത്തു, ഇവിടത്തെ ആളുടെ ഇഷ്ടംപോലാകട്ടെ". സ്ത്രീ അവസ്ഥയെക്കുറിച്ചുള്ള എന്ത് നിരീക്ഷണമാണ് ഈ സന്ദർഭം ഉൾക്കൊള്ളുന്നത് ?

13.“കാടിനെക്കുറിച്ചും വന്യജീവികളെക്കുറിച്ചും നാം ആകുലപ്പെടാറുണ്ട്, നമ്മുടെ ചുറ്റുവട്ടത്തെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പക്ഷെ നാം ഒട്ടും വേവലാതിപ്പെടാറില്ല.” - ‘കൈപ്പാട്’ എന്ന ഡോക്യുമെന്ററിയുടെ അവസാനം എഴുതിക്കാണിക്കുന്ന ഈ സന്ദേശം എത്ര മാത്രം പ്രസക്തമാണ്? പ്രതികരണക്കുറിപ്പ് തയാറാക്കുക .

14.“നിത്യജീവിതത്തിലെ കുറവുകളെ പൂരിപ്പിക്കുകയാണ് ജനപ്രിയസിനിമകൾ ചെയ്യുന്നത്”. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

15.“മണ്ണിലേക്ക് ഊർന്നു വീഴുന്ന ഒരില പോലും വേരുകൾക്കായിട്ടാണല്ലോ മണ്ണടരുകളിലേക്ക് താണുപോകുന്നത് “ (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) ഇതിലൂടെ ലേഖകൻ മുന്നോട്ടു വയ്ക്കുന്ന ജീവിത ദർശനം എന്ത്? നിരീക്ഷണങ്ങൾ കുറിക്കുക.

16. നാട്ടിൻപുറത്തോടുള്ള വൈലോപ്പിള്ളിയുടെ സ്നേഹം 'ഊഞ്ഞാലിൽ'എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ? വിലയിരുത്തുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന്ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

( 6 സ്കോർ വീതം )

( 4 x 6 = 24 )

17. “ അവനൊരു കണ്ണാടിയിലും കാഴ്ചയായില്ല”. പ്രദർശനങ്ങൾക്ക്പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ മത്സ്യത്തിന്റെ നിലപാട് എത്രത്തോളം പ്രസക്തമാണ്? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

18.“അവ്യവസ്ഥിതത്വം കവിതയുടെ സ്വഭാവമാണ്, അർത്ഥമുള്ളത്കവിതയല്ല ; അർത്ഥത്തിനപ്പുറമുള്ളതാണ് കവിത “ എന്ന് എം എൻ വിജയൻപറഞ്ഞ

അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

19.“ നീയും ഞാനുമെന്നുള്ള യാഥാർഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കാൻ പോകയാണ്. നീ മാത്രം.” അനർഘനിമിഷത്തിലെ ‘നീ‘ ആരാകാം? നിങ്ങളുടെ നിഗമനം അവതരിപ്പിക്കുക.

20. നിലവിലുള്ള നിസ്സഹായയായ സ്ത്രീയിൽ നിന്നും കരുത്തിന്റെയും ഉഗ്രതയുടെയും പര്യായമായ സ്ത്രീ അവസ്ഥയിലേക്കുള്ള മാറ്റമാണ്ആറ്റൂർ രവിവർമ്മ‘സംക്രമണം‘ എന്ന കവിതയിൽ അവതരിപ്പിക്കുന്നത്.വ്യക്തമാക്കുക.

21.'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനം പകർന്നുതരുന്ന പാഠങ്ങൾ എന്തെല്ലാം? സമകാലിക അവസ്ഥകളെക്കൂടി മുൻനിർത്തി കുറിപ്പ്തയാറാക്കുക.

**തന്നിരിക്കുന്ന കാവ്യഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ളചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

( 2 സ്കോർ വീതം )

(3 x 2 = 6 )

ഒന്നുമറിയാതെ കണിക്കൊന്ന പൂത്തുവീണ്ടും
കണ്ണിൽനിന്ന് പോയ്മറയാ പൊൻകിനാക്കൾ പോലെ!
പൊന്നുവയ്ക്കേണ്ടിടത്തൊരു പൂവ് മാത്രം വച്ചു
കൺതുറന്നു കണികണ്ടു ധന്യരായോർ നമ്മൾ !
പൂവിരിയേണ്ടിടത്തെല്ലാം പൊന്നുതൂക്കാനല്ലോ
പൂതിയിന്ന് നമുക്ക് ! പൊന്നാശ പൂക്കും നെഞ്ചിൽ !
എങ്കിലുമീ കണിക്കൊന്ന പൂത്തുനിൽപ്പൂ വീണ്ടും,
മൺചിരാതിൽനിന്നഴകിൻ നൂൽത്തിരികൾ പോലേ !
ചന്തയിൽനിന്നഞ്ചുരൂപയ്ക്കെന്നയൽക്കാർ വാങ്ങി-
ക്കൊണ്ടുവന്ന കൊച്ചുശീമക്കൊന്നമലർ കാൺകെ
തന്റേതല്ലാക്കിടാവിനെ കണ്ടതള്ളയെപ്പോൽ

എന്റെ മുത്തശ്ശിക്ക് പഴങ്കണ്ണ് കലങ്ങുന്നു !

(എന്തിനിന്നും പൂത്തു - ഒ.എൻ.വി )

22. കണിക്കൊന്ന പൂക്കുന്നതിനെ കവി എന്തിനോടെല്ലാം സാദൃശ്യപ്പെടുത്തുന്നു?

23. ഇക്കാലത്തെ മനുഷ്യരുടെ പൂതിയെക്കുറിച്ച് പറയുന്നതിലൂടെകവി അർത്ഥമാകുന്നതെന്ത് ?

24. ചന്തയിൽ നിന്ന് വിലകൊടുത്തുവാങ്ങിയ കൊന്നപ്പൂവുകാണവേ മുത്തശ്ശിക്കുണ്ടായ ഭാവമാറ്റം എന്ത്?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന്ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

( സ്കോർ 8 വീതം,)

( 2 x 8 = 16 )

25. 'ഊഞ്ഞാലിൽ' എന്ന കവിത ജീവിതത്തെ ഓരോ മാത്രയിലുംപ്രത്യാശയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്ന ഒരു രചനയാണ് - ഈ പ്രസ്താവനസരിയാണോ എന്ന് പരിശോധിക്കുക .

26. കുടുംബഭാരമേല്പിച്ച സമ്മർദങ്ങൾ കാരണം ഇച്ഛയ്ക്കൊത്ത്പ്രവർത്തിക്കാൻ കഴിയാതെ പോയ സ്ത്രീകളുടെ വ്യത്യസ്ത മുഖങ്ങളാണ്'ഓർമയുടെഞരമ്പിലെ ' വൃദ്ധയും'ലാത്തിയും വെടിയുണ്ടയും ' എന്ന പാഠത്തിലെ തങ്കം നായരും - രണ്ടു കഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് സ്വാഭിപ്രായം രൂപീകരിക്കുക.

27. ആശങ്കയുടെയും അതിജീവനത്തിന്റെയും പരസ്പരവിരുദ്ധമായചിത്രങ്ങൾ ഒരേസമയം'മത്സ്യം' എന്ന കവിത അവതരിപ്പിക്കുന്നുണ്ട്.ഈ പ്രസ്താവന മത്സ്യത്തിന്റെ ജീവിത സംഘർഷങ്ങൾ വിലയിരുത്താൻ സമർത്ഥമാണോ? ഉപന്യാസം തയാറാക്കുക.

# ഹയർ സെക്കണ്ടറി ഒന്നാം വർഷം 2021

## മലയാളം ചോദ്യപ്പേപ്പർ

സമയം രണ്ടര മണിക്കൂർ
ആകെ സ്കോർ **80**

ആദ്യത്തെ 15 മിനിറ്റ് കൂൾ ഓഫ് ടൈമായി ഉപയോഗിക്കുക .

ഓരോ വിഭാഗത്തിൽ നിന്നും മതിയായ ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക .

****************************

I. ഓരോ ചോദ്യത്തിനും ശരിയായ ഉത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക.
ഏതെങ്കിലും ഏഴെണ്ണം . സ്കോർ 2 വീതം

1. 'ചിറകു നീർത്തുവാനാകാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം' . ഈ വരികൾക്കു ചേരുന്ന സൂചനകൾ എടുത്തെഴുതുക.

    1. അസഹ്യമായ ദു:ഖം , 2. സന്തോഷകരമായ അവസ്ഥ
    3. പറഞ്ഞതോർത്തുള്ള സങ്കടം 4 . പറയാനാകാത്തതിന്റെ പ്രയാസം

2. 'തുരുമ്പുപിടിച്ച വിജാഗിരികൾ ഇളകുന്നതുപോലെയായിരുന്നു അവരുടെ ശബ്ദം '. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ ആദ്യവാചകമാണിത്. ഇതിൽ നിന്ന് ലഭിക്കുന്ന ആശയങ്ങൾ ഏവ

    1. അടഞ്ഞുകിടന്ന ഒരിടത്തിലേക്കുള്ള പ്രവേശനം 2. വെറും നേരംപോക്കുകൾ
    3. ഓർമ്മകളുടെ അപ്രസക്തി 4. പഴയകാലത്തെപ്പറ്റി ഓർത്തുതുടങ്ങുന്നു

3. 'ഒരു കാട്ടിൽ വൃക്ഷമായി ജനിക്കണമെന്ന് സ്വപ്നം കണ്ടിരുന്നു. വെട്ടിയകറ്റിയാലും പുതുനാമ്പുകളോടെ പുനർജനിക്കുന്ന കാട്ടാൽവൃക്ഷം ;മനുഷ്യൻ വയ്ക്കുന്ന കാട്ടുതീയിൽനിന്നുപോലും പുനർജനിക്കുന്ന കാട്ടാൽ വൃക്ഷം'
ഈ വാക്യങ്ങൾക്ക് യോജിക്കുന്നവ എടുത്തെഴുതുക

    1. അവസരങ്ങളെ ചൂഷണം ചെയ്യാനുള്ള ആഗ്രഹം ,2. നിലനില്പിനായുള്ള ആഗ്രഹം
    3.ഏതു വിനാശത്തെയും അതിജീവിക്കാനുള്ള ആഗ്രഹം, 4. എല്ലാം നശിച്ചുപോകട്ടെ എന്ന ആഗ്രഹം

4. 'മണൽത്തരിയോളം പോന്നൊരു / മത്സ്യം / കടൽത്തിരയോട് / ഒറ്റയ്ക്ക് പൊരുതി നിന്നു ' ഈ വരികളിൽ തെളിയുന്നത് ...

    1. സൗഹൃദം 2. കീഴടങ്ങൽ 3. നിസാരത 4. പ്രതിരോധം

5. വാക്കുകളുടെ നൃത്തമാണ് കവിത എന്നു പറയുമ്പോൾ

    1. കവിതയ്ക്ക് ഉപയോഗിക്കുന്ന വാക്കുകൾ ഏറ്റവും യോജിച്ചതായിരിക്കണം
    2. കവിത എന്നാൽ വെറും വാക്കുകളാണ്
    3. വാക്കുകൾ കവിതയിൽ അർത്ഥത്തിന്റെ നൃത്തമൊരുക്കണം
    4. വാക്കുകളില്ലെങ്കിലും കവിത എഴുതാം

**6.** ഇരുട്ടിലെ മനുഷ്യൻ എന്ന ശീർഷകത്തിൽ നിന്നു മനസ്സിലാക്കാവുന്ന കാര്യങ്ങൾ ഏവ

1. ഇരുട്ട് ദു:ഖത്തിന്റെ സൂചനയാണ്,
2. വെളിച്ചം തേടുന്ന ഒരു മനസ്സ് ഇവിടെയുണ്ട്
3. മനുഷ്യാനായാൽ ഇരുട്ടാണ് പ്രധാനം,
4. ഇരുട്ടിനെയാണ് മനുഷ്യൻ ധ്യാനിക്കേണ്ടത്

**7.** 'മഞ്ഞിനാൽ ചൂളീടിലും മധുരം ചിരിക്കുന്നു
മന്നിടം ; നര ചൂഴും നമുക്കും ചിരിക്കുക '
ഈ വരികളിൽ നിന്ന് മനസിലാക്കാവുന്നവ ഏവ ?

1. പ്രകൃതിയെ സന്തോഷിക്കാനുള്ള ഒരു പ്രചോദനമായി കാണുന്നു
2. പ്രകൃതിയെ ഒരു തടസ്സമായി ചിത്രീകരിക്കുന്നു
3. വാർദ്ധക്യമാണെങ്കിലും സന്തോഷിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു
4. സന്തോഷമെന്നത് ഒരു അനാവശ്യമാണ്

**8.** 'ജനാലവിരിയിലൂടെ അലസമായി പുറത്തേക്കു നോക്കി. വായും മൂക്കും പൊത്തിപ്പിടിച്ചു വരിഞ്ഞുകെട്ടിയിട്ട പെരുമ്പാമ്പിനെപ്പോലെ വിരസമായ നിരത്തു നീണ്ടുകിടക്കുന്നു ' (ലാത്തിയും വെടിയുണ്ടയും) . നിരത്തിനെ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നതിൽ നിന്ന് -

1.നിരത്തിലെ തിക്കുംതിരക്കും കാണാൻ കഴിയുന്നു,
2.നീണ്ടുകിടക്കുന്ന നിരത്തിന്റെ കാഴ്ചകിട്ടുന്നു
3.നിരോധനാജ്ഞയുടെ ശക്തി വെളിവാകുന്നു,
4. പൊട്ടിപ്പൊളിഞ്ഞ കിടപ്പ് കാണിക്കുന്നു

II . നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക . ഏതെങ്കിലും **5** എണ്ണം . സ്കോർ **4** വീതം

**9.** കവികൾ തന്നിഷ്ടം പോലെ ലോകങ്ങൾ ഉണ്ടാക്കുന്നു എന്ന് പറയുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക

**10.** 'തൂവലിലൂടെ വിരിയുന്നത് ജീവരക്തം' തന്നെയാണ് എന്ന് വൈലോപ്പിള്ളി പറഞ്ഞതിന്റെ സാരംശം എന്ത്? വ്യക്തമാക്കുക

**11.** "നീയും ഞാനും എന്നുള്ള യാഥാർഥ്യത്തിൽനിന്ന് , അവസാനം നീ മാത്രമായി അവശേഷിക്കാൻ പോകയാണ് . നീ മാത്രം." അനർഘനിമിഷം എന്ന കഥയിലെ ഈവാക്യത്തിലെ ആശയം വിശദീകരിക്കുക.

**12.** 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? അഭിപ്രയം എഴുതുക

**13.** ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ ശ്രീജിത്തിനെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക

**14.** ജൊനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക കണ്ട സ്വപ്നം തന്റെ ജനം ഇരുളിനെ കീറിമുറിച്ചു ഉയർന്നു പറക്കുന്നതായിരുന്നല്ലോ. അതിന്റെ പ്രാധാന്യം എന്ത് ? വ്യക്തമാക്കുക

III. ഒരു പേജിൽ കവിയാതെ ഉതരമെഴുതുക. ഏതെങ്കിലും **4** എണ്ണം . സ്കോർ **6** വീതം

**15.** ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ സംബന്ധിച്ച സൂചനകൾ ചൂണ്ടിക്കാട്ടി, നിങ്ങളുടെ അഭിപ്രായം എഴുതുക

**17.** സന്ദർശനം, അനർഘനിമിഷം എന്നീ രചനകളെ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക

**18.** മത്സ്യം എന്ന കവിത പ്രതിസന്ധികളെ ഒറ്റയ്ക്കു നേരിടുന്ന വ്യക്തിയെയാണോ അവതരിപ്പിക്കുന്നത്? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**19.** ഇരുട്ടിലെ മനുഷ്യൻ എന്ന കവിതയിൽ കാണുന്ന പ്രകൃതിദൃശ്യങ്ങളെപ്പറ്റി ഒരുകുറിപ്പ് എഴുതുക

**20.** പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണം എന്ന കാഴ്ചപ്പാട് വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന രചന അവതരിപ്പിക്കുന്നുണ്ടോ? പരിശോധിക്കുക

**IV.** ഒന്നരപ്പേജിൽ കവിയാതെ ഉത്തരമെഴുതുക ഏതെങ്കിലും **2** എണ്ണം . സ്കോർ **8** വീതം

**21.** ഓർമ്മകളിലൂടെ വികസിക്കുന്ന രണ്ടു രചനകളാണ് 'ഓർമ്മയുടെ ഞരമ്പും' 'ലാത്തിയും വെടിയുണ്ടയും'. എന്തെല്ലാം സമാനതകളാണ് കണ്ടെത്താനാവുക? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക

**22.** 'പ്രതീക്ഷയോടെയും പ്രത്യാശയോടെയും ജീവിതത്തെ നോക്കിക്കാണാൻ പ്രചോദനം തരുന്ന കവിതയാണ് ഊഞ്ഞാലിൽ ' എന്ന നിരീക്ഷണത്തെ അടിസ്ഥാനമാക്കി, കവിതയ്ക്ക് ഒരു നിരൂപണം തയ്യാറാക്കുക .

**23.** സന്ദർശനം , ഓർമ്മയുടെ ഞരമ്പ്, ഊഞ്ഞാലിൽ എന്നീ രചനകളിലെ സ്ത്രീ സങ്കല്പത്തെ വിലയിരുത്തുന്ന ഒരു ഉപന്യാസം തയ്യാറാക്കുക.

**V.** തന്നിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

നിർഭയ / സുഗതകുമാരി

മലയിടിച്ചുവരുന്ന യന്ത്രത്തിന്റെ
വഴിയിൽ നിൽക്കുന്നു കൊച്ചു തുമ്പച്ചെടി

നെറുകയിൽ മഴമുത്തുകൾ പോലവെ
വെളുവെളെപ്പൂക്കൾ വാരിയണിഞ്ഞവൾ
അവളെ മൂളിക്കളിച്ചു ചുഴലുന്നു
വെയിൽ കുടിച്ചു മിനുത്ത ചിറകുകൾ.
ഇതളിൽ നോവാതെ ചേർന്നുറങ്ങുന്നപോൽ
ഒരു കുരുന്നു ശലഭം; ചിരിക്കുന്ന
പുലരി! കാറ്റുകൾ ! പൂങ്കിളിപ്പാട്ടുകൾ

മലയിടിച്ചു വരുന്ന യന്ത്രത്തിന്റെ
വഴിയിൽ നിൽക്കുന്നു കൊച്ചു തുമ്പച്ചെടി
വഴിയിൽ നിൽപ്പൂ ചമഞ്ഞു തുമ്പച്ചെടി

**24.** തുമ്പച്ചെടിക്കു ചുറ്റും എന്തെല്ലാമാണ് കാണാൻ കഴിയുന്നത് ? ( സ്കോർ **3**)
**25.** തുമ്പച്ചെടി അകപ്പെട്ടിരിക്കുന്ന അപകടാവസ്ഥ എന്താണ്? (സ്കോർ **3**)

ഹയർ സെക്കന്ററി ഒന്നാം വർഷം

# മാതൃകാ ചോദ്യപേപ്പർ 2020 – 2021

പാർട്ട് II

## മലയാളം

Maximum: 80 Score

Time: 2 ½ മണിക്കൂർ                                    Cool -off Time: 20 Minutes

---

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം.
- 1 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി സ്കോർ 80 ആയിരിക്കും.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ സൂചനകളിൽനിന്ന് തിരഞ്ഞെടുത്ത് എഴുതുക**

**(ഏതെങ്കിലും 3 എണ്ണം മാത്രം. രണ്ടു സ്കോർ വീതം)**                                    **3X2 = 6**

**1.** വേരുകളുടെ ഔഷധമൂല്യം അറിയാവുന്നവരായി എൻ എ നസീർ ലേഖനത്തിൽ പരിചയപ്പെടുത്തുന്നത് ആരെയെല്ലാം?

- ➢ ചെമ്പൻ
- ➢ മാരി
- ➢ അരുണാചലം
- ➢ കണ്ണൻ

**2.** " ചലനത്തെ നൃത്തത്തിലെന്നതു പോലെ, നാദത്തെ ഗാനത്തിലെന്നതു പോലെ, കല്ലിനെ ശില്പത്തിലെന്നതു പോലെ അത്ഭുതാത്മകമായി, സുഭഗമായി, അർത്ഥഗർഭമായി വാക്കുകളെക്കൊണ്ട് നൃത്തം ചെയ്യിക്കലല്ലെങ്കിൽ കവിത പിന്നെന്താണ് "? എം എൻ വിജയന്റെ ഈ പ്രസ്താവനയോടു യോജിക്കുന്ന പരാമർശങ്ങൾ എടുത്തെഴുതുക

- വാക്കുകളുടെ അർത്ഥ പൂർണ്ണമായ നൃത്തമാണ് കവിത
- പറയാനുള്ളത് നേരേ ചൊവ്വേ പറയുന്നതാണ് കവിത
- കവിതയിൽ ശബ്ദഭംഗിയെക്കാൾ പ്രാധാന്യം അർത്ഥത്തിനാവണം
- കവിതയിൽ വാച്യാർത്ഥത്തിനാണ് കൂടുതൽ പ്രാധാന്യം.

**3.** "പറയുവാനുണ്ട് പൊൻചെമ്പകം പൂത്ത കരള് പണ്ടേ കരിഞ്ഞു പോയെങ്കിലും" എന്ന വരിയിൽ തെളിയുന്ന ആശയം എന്ത്?

- അവരുടെ പ്രണയം നേരത്തെതന്നെ പൂവണഞ്ഞിരുന്നു.
- അവരുടെ പ്രണയം എന്തോ കാരണത്താൽ സഫലമായില്ല.
- ഏതോ കാലത്ത് വേർപിരിഞ്ഞെങ്കിലും അവരുടെ ഉള്ളിലെ പ്രണയം ഇപ്പോഴും കരിഞ്ഞു പോയിട്ടില്ല
- അവരുടെ പ്രണയം പണ്ടേപോലെതന്നെ മനോഹരമായി ഇപ്പോഴും തുടരുന്നുണ്ട്

**4.** 'അനുകമ്പ' എന്ന പാഠത്തിൽ ശ്രീനാരായണ ഗുരു കാരുണ്യമില്ലാത്ത മനുഷ്യനു നൽകുന്ന വിശേഷണങ്ങൾ ഏതൊക്കെയാണ്?

- മരുഭൂമിയിൽ പ്രവഹിക്കുന്ന ജലം
- അരുളുള്ളവനാണ് ജീവി
- അരുൾ, അൻപ്, അനുകമ്പ മൂന്നിന്റെയും പൊരുളായ ജീവതാരകം
- അസ്ഥിയും തോലും സിരയുംമാത്രമുള്ള നാറുന്ന ശരീരം

**5.** 'എല്ലാവരും ഒരുപോലെ കാണാത്തതാണ് കലാകാരൻ തെരെഞ്ഞെടുക്കുന്ന സിംബലുകൾ' –ഈ പ്രസ്താവനയ്ക്കുള്ള ഉദാഹരണങ്ങൾ താഴെ തന്നിരിക്കുന്നവയിൽനിന്നും തെരെഞ്ഞെടുക്കാമോ?

1. ഇളം കാറ്റ് – കുഞ്ഞിന്റെ പ്രാണൻ, പ്രണയസർവസ്വത്തെ തേടുന്ന അന്വേഷകൻ
2. മേഘം - കാമരൂപൻ, പഞ്ഞിക്കെട്ട്
3. തൂവൽ - പക്ഷിയുടെ തൂവൽ, കിരീടത്തിലെ തൂവൽ
4. ആന – പൊൻതിടമ്പേറ്റിയ മസ്തകം, പിശാചുക്കൾ മന്ത്രിക്കുന്ന മസ്തകം

**<u>6 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക</u>**

**(ഏതെങ്കിലും 3 എണ്ണം മാത്രം. രണ്ടു സ്കോർ വീതം)** **3X2 = 6**

**6.** 'തുരുമ്പുപിടിച്ച വിജാഗിരികൾ ഇളകുന്നതുപോലെയായിരുന്നു അവരുടെ ശബ്ദം' – 'ഓർമ്മയുടെ ഞരമ്പിലെ' ആദ്യവാക്യം കഥയുടെ പശ്ചാത്തലത്തെപ്പറ്റി നൽകുന്ന സൂചനകളിൽ ഒരെണ്ണം എഴുതുക.

മാതൃക : തുരുമ്പിച്ച വിജാഗിരി വൃദ്ധയുടെ പ്രായാധിക്യം സൂചിപ്പിക്കുന്നു

❖ -----------------------------------------------------------------

**7.** "എന്നെ നീ പരിഹാസപാത്രമാക്കുമോ" എന്ന് 'അനർഘ നിമിഷ'ത്തിലെ ആഖ്യാതാവ് ചോദിക്കാനുള്ള കാരണമെന്ത്?

**8.** 'പച്ചയും ചുവപ്പുമാം കണ്ണുമായി പാറി പോകുന്ന വിമാനത്തിനും തിരുവാതിരത്താര തീക്കട്ടയ്ക്കും' തമ്മിൽ കവി കണ്ടെത്തുന്ന പ്രധാന വ്യത്യാസമെന്താണ്?

**9.** 'എത്രത്തോളം ഔന്നത്യത്തിലെത്തുന്നോ, അത്രത്തോളം വ്യക്തമാണ് താഴത്തെ കാഴ്ചകൾ'
- ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്ത് വിവരിക്കുന്ന സംഭവങ്ങളുമായി ഈ ആമുഖവാക്യത്തിനു ബന്ധമുള്ളതായി നിങ്ങൾ കരുതുന്നുണ്ടോ? എങ്ങനെ?

**10.** പ്രകൃതിസ്നേഹം ലക്ഷ്യമാക്കി നിർമ്മിക്കുന്ന ഡോക്യുമെന്ററി സിനിമയിൽ ഉൾപ്പെടുത്താവുന്ന ഉചിതമായ രണ്ടു ദൃശ്യങ്ങൾ എഴുതുക.

മാതൃക : വലിയ ഒരു മരത്തെ മുത്തശ്ശിയെ എന്നപോലെ കെട്ടിപ്പിടിച്ചു നിൽക്കുന്ന കുട്ടി

1) ----------------------------------------------

2) ----------------------------------------------

**11.** ചലച്ചിത്രങ്ങളിൽ ഗാനം ആവശ്യമാണോ? – ഈ വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ അവതരിപ്പിക്കുന്നതിന് നിങ്ങളുടെ ഒരു വാദഗതി എഴുതുക.

**<u>12 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും 5 ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക.</u> (നാലു സ്കോർ വീതം)**

**5X4 = 20**

**12.** "നീയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കാൻ പോകയാണ്. നീ മാത്രം." - 'അനർഘനിമിഷ'ത്തിലെ നീ, ഞാൻ എന്നി കഥാപാത്രങ്ങൾ ആരൊക്കെയാകാം.? നിങ്ങളുടെ ചിന്തകൾ അവതരിപ്പിക്കുക.

**13.** ആഹാരം തേടുകമാത്രമല്ല, സ്വന്തം കഴിവുകൾ ആവിഷ്കരിക്കാൻകൂടി കഴിയുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് – ഈ ആശയമല്ലേ ജോനാതനെന്ന കടൽക്കാക്കയിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്? ഒരു കുറിപ്പ് തയ്യാറാക്കുക

**14.** പ്രണയത്തിൻറെ ഭൂത-വർത്തമാനകാലങ്ങൾ 'സന്ദർശനം' എന്ന കവിതയിൽ എപ്രകാരമാണ് ആവിഷ്കരിക്കപ്പെടുന്നത്? കവിതയിലെ രണ്ടു സന്ദർഭങ്ങൾ എടുത്തുകാട്ടി വിശദമാക്കുക.

**15.** 'ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പിവിടെപ്പോൽ കാണുമോ വേറെങ്ങാനും' - നാട്ടിൻപുറത്തെ ഏതു പ്രത്യേകതയാണിവിടെ സൂചിപ്പിക്കുന്നത്?

**16.** 'ഓർമ്മയുടെ ഞരമ്പ്'ൽ പത്മാക്ഷി വൃദ്ധയോട് പെരുമാറുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. ഈ പെരുമാറ്റത്തിൽ വാർദ്ധക്യം നമ്മുടെ സമൂഹത്തിൽ അനുഭവിക്കുന്ന കുറ്റപ്പെടുത്തലുകളും പരിഹാസവും കാണാനാവുമോ? അഭിപ്രായം വ്യക്തമാക്കുക.

.

**17.** മരങ്ങൾക്ക് മാത്രമല്ല മനുഷ്യർക്കും വേരുകളുണ്ടെന്ന ആശയത്തെ എൻ എ നസീർ 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്ത് എങ്ങനെയാണ് അവതരിപ്പിക്കുന്നത്? നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

**18.** 'പിടി കൊടുത്തില്ല, കാഴ്ചയായില്ല, നാണം കെട്ടില്ല' - മത്സ്യം എന്ന കവിതയിൽ ആവർത്തിച്ചു വരുന്ന 'ഇല്ല' എന്ന പദം മത്സ്യത്തിന് ഒരു നിഷേധിയുടെ വ്യക്തിത്വമാണോ നൽകുന്നത്? അഭിപ്രായക്കുറിപ്പ് എഴുതുക

**19.** പെൻസിൽ എന്ന പദത്തിനു പകരം തൂലിക എന്നു പ്രയോഗിക്കുമ്പോൾ ഉണ്ടാവുന്ന മാറ്റത്തെക്കുറിച്ച് എം എൻ വിജയൻ പറയുന്നതു വായിച്ചല്ലോ. ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**20.** "വിശപ്പിനാൽ വാരി വലിച്ചു തിന്നു ചത്തവന്നു തള്ളയായ് "-സംക്രമണത്തിലെ ഈ വരികൾ അമ്മയെന്ന നിലയിൽ ഒരു സ്ത്രീ നേരിടുന്ന ഏറ്റവും വലിയ നിവൃത്തികേടിന്റെ സൂചനയാണോ? വിശകലനം ചെയ്യുക.

**21.** പി കുഞ്ഞിരാമൻ നായർ 'ഇരുട്ടിലെ മനുഷ്യൻ' എന്നു വിശേഷിപ്പിക്കുന്നത് എല്ലാ മനുഷ്യരെയുമാണോ? അങ്ങനെ വിശേഷിപ്പിക്കുന്നതിനുള്ള കാരണമെന്താണ്? ഉള്ളറിവ് യൂണിറ്റിലെ പ്രവേശകമായി പഠിച്ച കവിതാഭാഗം നൽകുന്ന സൂചനവച്ചുകൊണ്ട് വിശദീകരിക്കുക.

**22.** ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തിലെ "വായും മൂക്കും പൊത്തിപ്പിടിച്ച് വരിഞ്ഞു കെട്ടിയിട്ട പെരുമ്പാമ്പിനെപ്പോലെ നീണ്ടു കിടക്കുന്ന വിരസമായ പാതപോലെ " എന്ന വാക്യം അസ്വാതന്ത്ര്യത്തിൽപ്പെട്ടു കിടന്ന ഇന്ത്യയുടെ അന്നത്തെ അവസ്ഥയെ സൂചിപ്പിക്കുന്നതായി പറയാൻ കഴിയുമോ? പരിശോധിക്കുക.

**23 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിനുമാത്രം ഉത്തരം ഒരു പുറത്തിൽ കവിയാതെ എഴുതുക. (ആറു സ്കോർ വീതം)**

**4X6 =24**

**23**.തൊഴിലില്ലായ്മയുടെ പ്രശ്നങ്ങളൊന്നും ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിലില്ലെന്ന് ഫ്രഞ്ച് ചലച്ചിത്ര നിരൂപകനും സംവിധായകനുമായ ഫ്രാൻസ്വാ ത്രൂഫോ എഴുതിയിട്ടുണ്ട്. നിങ്ങൾ ഈ വാദത്തോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

**24.** ' -ജീവിതം അവസാനിക്കുന്നില്ലെന്നും മനുഷ്യന്റെ അനുഭവങ്ങൾക്ക് അതിരുകളില്ല എന്നും വീണ്ടും വീണ്ടും വിളിച്ചറിയിക്കുന്നവരാണ് കവികൾ' എന്ന് എം എൻ വിജയൻ പറയുന്നുണ്ടല്ലോ. ഇത് കഥയ്ക്കും യോജിക്കുന്ന പ്രസ്താവനയാണെന്ന് 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയെവച്ചുകൊണ്ട് പറയാൻ സാധിക്കുമോ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**25.** റിച്ചാർഡ് ബാക്കിന്റെ ജൊനാഥൻ എന്ന കടൽക്കാക്കയും ടി പി രാജീവന്റെ കവിതയിലെ മത്സ്യവും സ്വാതന്ത്ര്യത്തെ ആഗ്രഹിക്കുന്നവരാണ്. ഇവരുടെ പ്രവൃത്തികളെ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

**26.** കുടുംബമാണ് ഹിന്ദി ചലച്ചിത്രങ്ങളിലെ പ്രധാന പ്രമേയം എന്ന് ഒ കെ ജോണി 'സിനിമയും സമൂഹവും' എന്ന ലേഖനത്തിൽ വാദിക്കുന്നു. മലയാള സിനിമയുടെ ഇപ്പോഴത്തെ അവസ്ഥയും ഇതിൽനിന്നു വ്യത്യസ്തമല്ല. ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

**27.** പരിസ്ഥിതിയുമായി ബന്ധപ്പെടുത്താവുന്ന രണ്ട് പ്രമേയങ്ങളാണ് കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നീ ചലച്ചിത്രങ്ങളിലുള്ളത്. എന്നാൽ യഥാക്രമം ഹ്രസ്വചിത്രം (ഷോട്ട് ഫിലിം), ആധാരചിത്രം (ഡോക്യുമെന്ററി) എന്ന നിലകളിൽ അവയ്ക്ക് വ്യത്യസ്തമായ ആവിഷ്കരണരീതിയാണുള്ളത്. എങ്ങനെയാണ് അവ വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നു വിശദമാക്കാമോ?

**28.** പലതരത്തിൽ വ്യാഖ്യാനിക്കാവുന്ന അർത്ഥതലങ്ങൾ 'അനർഘനിമിഷ'ത്തെ കവിതയാക്കി മാറ്റുന്നു. – ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? വ്യക്തമാക്കുക

**29.** "അവൻ ഞങ്ങളുടെയാണ് ! അവനെ ഞങ്ങൾക്കു വേണം! അവനെ ... ഇന്ത്യയുടെ വീരകുമാരനെ !"
- ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തിൽ ആൾക്കൂട്ടം ഇങ്ങനെ ആവശ്യപ്പെടുന്നതിനുള്ള കാരണം എന്തായിരിക്കും? ലഘു ഉപന്യാസം തയ്യാറാക്കുക.

**30.** തിന്മയുടെ ഭാഗത്തുനിന്ന് നന്മയുടെ ഭാഗത്തേയ്ക്കുള്ള ഒരു മനുഷ്യന്റെ മാറ്റത്തെക്കുറിച്ചാണ് 'വാസനാവികൃതി'യെന്ന കഥ പറഞ്ഞുതരുന്നത്. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സമർത്ഥിക്കുക.

**31.** "പൊൽത്തിടമ്പേറിട്ടേവൻ പെരുമാറുമാപ്പെരും
മസ്തകകടാഹത്തിൽ മന്ത്രിപ്പൂ പിശാചുക്കൾ" (സഹ്യന്റെ മകൻ)

- ഈ കവിതാ ഭാഗം പദക്കസർത്താണെന്ന് നിങ്ങൾക്കും അനുഭവപ്പെടുന്നുണ്ടോ? കാരണങ്ങൾ വ്യക്തമാക്കുക

**32 മുതൽ 36 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(എട്ടു സ്കോർ വീതം)** **3X8 =24**

**32.** "കോടതിയിൽ വെച്ച് ഭാരതീയൻ എന്ന പേരു പറഞ്ഞ യുവാവിനോട് ഞങ്ങളും ഭാരതീയരാണെന്ന് ജഡ്ജി പറഞ്ഞു. ബ്രിട്ടീഷ് സർക്കാറിന് വിടുവേല ചെയ്യുന്ന, അടിമകളാണ് നിങ്ങളെന്നും സ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്യുന്ന താനാണ് ഭാരതീയൻ എന്നും വിഷ്ണുഭാരതീയൻ പ്രഖ്യാപിച്ചു."

- വിഷ്ണുഭാരതീയനെപോലെ ജീവിതം നാടിന് സമർപ്പിച്ചവളാണ് ദേവീ ബഹൻ. എന്നാൽ സുഖം മാരക ലഹരിയായി കരുതി, ദുർബലയായി ജീവിക്കേണ്ടി വന്നവളാണ് തങ്കം നായർ.

അനീതികളോട് ഐക്യപ്പെടുന്നവരും പ്രതികരിക്കുന്നവരും ലോകത്തുണ്ട്. ഇത് എല്ലാ കാലത്തും പ്രസക്തമല്ലേ? 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി, നിങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി ഉപന്യസിക്കുക.

**33.** 'ഉയിരിൻ കൊലക്കുടുക്കാക്കാവുന്ന കയറിനെ ഊഞ്ഞാലാക്കി' മാറ്റാൻ കഴിയുന്ന ജീവിതപ്രേമമാണ് വൈലോപ്പിള്ളിയുടെ ഊഞ്ഞാലിൽ എന്ന കവിതയെ ആസ്വാദ്യമാക്കുന്നത്- വിശദീകരിക്കുക.

**34**. കടലാക്രമണം, ചുഴലിക്കാറ്റ്, പ്രളയം, നിപ്പയും കൊറോണയുംപോലെയുള്ള പകർച്ചവ്യാധികൾ....

- പ്രകൃതിയുടെ തിരിച്ചടികൾ മനുഷ്യർ നേരിടുന്ന സമകാലിക സാഹചര്യത്തിൽ എൻ എ നസീറിന്റെ 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' പോലുള്ള ലേഖനങ്ങൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നുണ്ടോ? നിങ്ങളുടെ കാഴ്ചപ്പാട് അവതരിപ്പിക്കുക.

**35.** കിനാവെന്ന യൂണിറ്റിന് എത്രത്തോളം ചേരുന്ന കവിതയാണ് സന്ദർശനം? കവിതയുടെ പ്രത്യേകതകൾ ചർച്ച ചെയ്തുകൊണ്ട് ഒരു ഉപന്യാസം തയാറാക്കുക.

**36.** "തള്ളയുടെ വിളികേട്ട് ഓടുന്ന പൈതലിനെപ്പോലെ ഞാൻ ഓപ്പറേഷൻ തിയേറ്ററിലേക്ക് കുതിച്ചു."

- (ശസ്ത്രക്രിയ)

"പാവകളൊന്നുമേ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളേണം പാരാതെ നീ " (പീലിക്കണ്ണുകൾ)

എത്ര മുതിർന്നാലും കുട്ടിയാവാൻ കൊതിക്കുന്ന മനുഷ്യമനസ്സിന്റെ ആവിഷ്കാരമാണ് ശസ്ത്രക്രിയയെന്ന കഥയിലും പീലിക്കണ്ണുകൾ എന്ന കാവ്യഭാഗത്തും ഉള്ളതെന്ന സൂചന മേൽത്തന്നിരിക്കുന്ന വരികളിലുണ്ടോ? പാഠഭാഗങ്ങളുമായി ചേർത്തുവച്ച് പരിശോധിക്കുക.

----------------------

തയ്യാറാക്കിയത് :

ദിവ്യ ജാഹ്നവി, തനിമ സുഭാഷ്, സ്മിത പന്ന്യൻ, സജി കെ, ഡോ. പി സുരേഷ്, സി എം സുജിത്ത്കുമാർ, പി സന്തോഷ്, ഡോ. ടി കെ അനിൽ കുമാർ, വി വിനോദ് കുമാർ, സി സജീവൻ, പി പ്രേമചന്ദ്രൻ, ശിവകുമാർ ആർ പി

(ഹയർസെക്കന്ററി മലയാളം സഹായി)